**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1635 21/01/2014-ൽ മറുപടിയ്ക്ക്

**മാതൃകാ ഹൈടെക്-ഹരിതഗ്രാമങ്ങൾ**

ചോദ്യം
ശ്രീ. സി. ദിവാകരൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും
വകുപ്പു മന്ത്രി)

എ) മാതൃകാ ഹൈടെക്-ഹരിതഗ്രാമങ്ങൾ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളത്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

എ) മാതൃകാ ഹൈടെക് ഹരിത ഗ്രാമം പദ്ധതിക്ക് 19.10.2013 ലെ ജി.ഒ (ആർ.റ്റി) നമ്പർ.1830/2013/എഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 31.11.2013 ലെ ജി.ഒ(ആർ.റ്റി)നമ്പർ.2127/2013/എഡി പ്രകാരം തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, കൊല്ലം ജില്ലയിൽ പെരിനാട്, പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സൗത്ത്, കോട്ടയം ജില്ലയിൽ വാഴൂർ, ഇടുക്കി ജില്ലയിൽ കാമാക്ഷി, എറണാകുളം ജില്ലയിൽ മൂക്കന്നൂർ, തൃശ്ശൂർ ജില്ലയിൽ താന്നിയം, പാലക്കാട് ജില്ലയിൽ അഗളി, മലപ്പുറം ജില്ലയിൽ പുലാമന്തോൾ, കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി, വയനാട് ജില്ലയിൽ തിരുനെല്ലി, കണ്ണൂർ ജില്ലയിൽ പെരിങ്ങോം വയക്കര, കാസറഗോഡ് ജില്ലയിൽ മുഗ്രൽപുത്തൂർ എന്നീ 14 ഗ്രാമപഞ്ചായത്തുകളെ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

2013-14 ലെ ബഡ്ജറ്റിൽ ഈ പദ്ധതി നടപ്പാക്കുന്നതിനായി തുക വകകൊള്ളിക്കാതിരുന്ന-തിനാൽ പദ്ധതി നടപ്പാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എങ്കിലും പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കുന്നതിനായി തുക സപ്ലിമെന്ററി ഗ്രാന്റായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതു വഴി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദ മാക്കാമോ ? | ബി) ഈ പരിപാടിയിൻ കീഴിൽ തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും 100 വീടുകളിൽ ഒരു കിലോവാട്ടിന്റെ സോളാർ പാനൽ, 100 വീടുകളിൽ 10,000 ലിറ്റർ ശേഷിയുള്ള മേൽക്കൂരയിലെ മഴവെള്ള സംഭരണികൾ, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 500 വീടുകളിൽ ഒരു ക്യുബിക് മീറ്റർ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാനും 150 ഹെക്ടറിൽ വാഴകൃഷിയും 60 ഹെക്ടറിൽ തുറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷിയും, നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഹൈടെക് ഫാമിംഗ് പദ്ധതി 2013-14 പ്രകാരം ഈ പഞ്ചായത്തുകളിൽ പോളീഹൗസുകളും സ്ഥാപിക്കുന്നതാണ്.<br>പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ